**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1415** **30-06-2026-ൽ മറുപടിയ്ക്ക്**

**<u>ക്ഷീര കർഷകരെ സഹായിക്കുന്നതിനുള്ള പദ്ധതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. വി. ടി. ബൽറാം
ശ്രീ. മനോജ് മൂത്തേടൻ
ശ്രീ. ടോണി ചമ്മണി
ശ്രീ. മുഹമ്മദ് ഷിയാസ്

ശ്രീമതി ബിന്ദു കൃഷ്ണ
(തൊഴിൽ, മൃഗസംരക്ഷണ – വനിതാ ശിശു
വികസന വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് പാലുൽപാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുവാൻ സാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** പാലുല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുവാൻ സംസ്ഥാനത്തെ പശുക്കളുടെ പ്രതിദിന പ്രതിശീർഷ പാലുത്പാദനം 13.5 കി.ഗ്രാം. ആവേണ്ടതുണ്ട്. നിലവിൽ ഇത് 11.2 കി.ഗ്രാം. ആണ്.

**(ബി)** വിവിധ കാരണങ്ങളാൽ പശു വളർത്തൽ നഷ്ടത്തിലാവുകയും ഈ മേഖല വിട്ടുപോവുകയും ചെയ്ത ക്ഷീര കർഷകർക്ക് ആവശ്യമായ സഹായങ്ങൾ നൽകി തിരികെ കൊണ്ടുവരാൻ നടപടി സ്വീകരിക്കുമോ;

**<u>മറുപടി:</u>** വിവിധ കാരണങ്ങളാൽ പശുവളർത്തൽ നഷ്ടത്തിലാവുകയും ഈ മേഖല വിട്ടുപോവുകയും ചെയ്ത ക്ഷീരകർഷകരെ തിരികെ ക്ഷീരോത്പാദന മേഖലയിലേക്ക് ആകർഷിക്കുന്നതിനും നിലനിർത്തുന്നതിനുമായി നിരവധി ക്ഷേമ പദ്ധതികൾ നടപ്പിലാക്കി, ക്ഷീരകർഷകർക്ക് ആവശ്യമായ പിന്തുണ നൽകി വരുന്നു.

**(സി)** കാലിത്തീറ്റയുടെ വില വർധനവ് നിയന്ത്രിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; മിൽമ, കേരളാ ഫീഡ്സ് എന്നീ സ്ഥാപനങ്ങൾ കൂടുതൽ കാലിത്തീറ്റ മിതമായ വിലയിൽ ഉത്പാദിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

**<u>മറുപടി:</u>** ഗുണമേന്മയുള്ള കാലിത്തീറ്റ താരതമ്യേന കുറഞ്ഞ ലാഭവിഹിതത്തിൽ ലഭ്യമാക്കുന്നതിലൂടെ സംസ്ഥാനത്ത് സ്വകാര്യ കാലിത്തീറ്റ നിർമ്മാതാക്കൾ നടത്തുന്ന അമിത വിലവർധനവിനെ പരോക്ഷമായി നിയന്ത്രിക്കുന്നതിലും വിപണിയിൽ വിലസ്ഥിരത ഉറപ്പാക്കുന്നതിലും മിൽമയും, മൃഗസംരക്ഷണ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഒരു പൊതുമേഖല സ്ഥാപനമായ കേരള ഫീഡ്സ് ലിമിറ്റഡ് - ഉം നിർണായക പങ്കുവഹിക്കുന്നുണ്ട്.

മൃഗസംരക്ഷണ വകുപ്പിന്റെ സ്റ്റേറ്റ് ലൈവ്സ്റ്റോക്ക് ബ്രീഡിംഗ് പ്രോഗ്രാം (SLBP) പദ്ധതിയുടെ ഭാഗമായി ഗുണമേന്മയുള്ള കാലിത്തീറ്റ കർഷകർക്ക് സബ്സിഡി നിരക്കിൽ ലഭ്യമാക്കുന്നതിൽ മിൽമ പ്രധാന പങ്ക് വഹിച്ചുവരുന്നു.

കൂടാതെ, 2024 സെപ്റ്റംബർ മുതൽ നാളിതുവരെയും മിൽമ ഗോമതി ഗോൾഡ് കാലിത്തീറ്റയ്ക്ക് ചാക്ക് ഒന്നിന് 100 രൂപ സബ്സിഡി, ഫെഡറേഷൻ തലത്തിൽ നൽകി വരുന്നുണ്ട്. 2025 മാർച്ച് മാസത്തിൽ പ്രസ്തുത സബ്സിഡി 300 രൂപയും, 2026 ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ 200 രൂപയും ആയിരുന്നു. ഫെഡറേഷൻ നൽകുന്ന സബ്സിഡിക്കു പുറമേ അതാത് മേഖലായൂണിയനുകളും അവരുടെ പ്രവർത്തനലാഭത്തിനനുസൃതമായി കാലിത്തീറ്റയ്ക്ക് അതാത് മാസങ്ങളിൽ സബ്സിഡി നൽകി വരുന്നുണ്ട്.

പ്രമുഖ സ്വകാര്യകാലിത്തീറ്റ നിർമ്മാതാക്കളുടെ ഉത്പന്നങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ സമാനമായ കേരള ഫീഡ്സ് കാലിത്തീറ്റയ്ക്ക് നിലവിൽ വിപണിയിൽ 50 കിലോ ചാക്കൊന്നിന് ₹110/- വിലക്കുറവ് ഉണ്ട്.

**സെക്ഷൻ ഓഫീസർ**